## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2336 — 05.02.2018- ൽ മറുപടിക്ക്

# ചെറുകിട വ്യവസായ വളർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.ജോസഫ്<br>" ഹൈബി ഈഡൻ<br>" വി.എസ്.ശിവകമാർ<br>" റോജി എം .ജോൺ | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ചെറുകിട വ്യവസായ വളർച്ചയ്ക്ക് സഹായകമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | ചെറുകിട വ്യവസായ വളർച്ചയ്ക്ക് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>• സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമപരമായ അനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ലഘൂകരിക്കുന്നതിനായി നിലവിലുള്ള നിയമങ്ങൾ ഭേദഗതി വരുത്തി "ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് - 2017" പുറത്തിറക്കിയിട്ടുണ്ട്.<br>• ദേശീയതലത്തിൽ മാതൃകാപരമായി എം.എസ്.എം.ഇ. മേഖലയുമായി ബന്ധപ്പെട്ട സമഗ്രമായ വിവരശേഖരണം സംസ്ഥാനത്ത് പൂർത്തീകരിച്ചിരിക്കുകയാണ്. 'വ്യവസായ ജാലകം' എന്ന ഈ പദ്ധതി വഴി ഒരു ലക്ഷത്തി പതിനായിരത്തിൽപരം വ്യവസായ യൂണിറ്റുകളുടേയും ആയിരത്തോളം വ്യവസായ സഹായ സ്ഥാപനങ്ങളുടെയും ജിയോ ടാഗ്ഡ് ആയിട്ടുള്ള സമഗ്രമായ വിവരങ്ങൾ സംരംഭകന്റെ വിരൽത്തുമ്പിൽ ലഭ്യമാകുന്ന തരത്തിൽ സജ്ജീകരിച്ചിട്ടുണ്ട്.<br>• സംസ്ഥാനതലത്തിൽ എല്ലാ ജില്ലകളുടേയും ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.<br>• സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വ്യവസായ വകുപ്പിന്റെ പങ്കാളിത്തത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി നിലവിലുണ്ട്.<br>• തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ സി.എഫ്.സി. രൂപീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.<br>• സംസ്ഥാനത്ത് സംരംഭകത്വ സംസ്കാരം വളർത്തുന്നതിനായി സംരംഭകത്വ ബോധവത്കരണ പരിപാടികൾ, നിക്ഷേപസംഗമങ്ങൾ, ടെക്നോളജി |

| | | | |
|---|---|---|---|
| | | | ക്ലിനിക്കുകൾ, നൈപുണ്യ വികസന പരിശീലനം, സംരംഭകത്വ വികസന ക്ലബ്ബുകൾ, സംരംഭകത്വ വികസനപരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു.<br>• സംരംഭകർക്കായി സബ്സിഡിയടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.), പി.എം.ഇ.ജി.പി എന്നീ പദ്ധതികൾ നിലവിലുണ്ട്.<br>• പരമ്പരാഗത വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>• ഈ വർഷം അതിസൂക്ഷ്മ വ്യവസായങ്ങളിൽപ്പെട്ട നാനോ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നാനോ, ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>• എം.എസ്.എം.ഇ. യൂണിറ്റുകളുടെ ഉല്പന്ന വികസനത്തിനും ഉല്പാദനപ്രക്രിയ നവീകരണത്തിനും ഉതകുന്ന രീതിയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി പരിഗണിച്ചു വരുന്നു.<br>• പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 01.04.2017നു ശേഷം സൃഷ്ടിക്കപ്പെടുന്ന എല്ലാ പുതിയ തൊഴിലവസരങ്ങളുടെയും ഇ.എസ്.ഐ/ഇ.പി.എഫ്. അടവിലേക്കുള്ള തൊഴിലുടമയുടെ വിഹിതത്തിന്റെ 75% സർക്കാർ നൽകുന്നതിനുള്ള പദ്ധതിയും പരിഗണിച്ചു വരുന്നു.<br>വ്യവസായ യൂണിറ്റുകൾക്ക് പശ്ചാത്തല സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം, നിലവിലുള്ള വ്യവസായ വികസന ഏരിയ/പ്ലോട്ടുകളുടെ ആധുനികവത്കരണം, അടിസ്ഥാന സൗകര്യവികസനം, പൊതു സൗകര്യ സേവനങ്ങളുടെ (സി.എഫ്.സി) നവീകരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ഏകജാലക സംവിധാനം, സ്വയം സാക്ഷ്യപ്പെടുത്തൽ പദ്ധതി എന്നിവ ആവിഷ്കരിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് & ഇൻഡസ്ട്രിയൽ ടൗൺ ഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 1999 പ്രകാരം നിലവിലെ ഏകജാലക സംവിധാനം സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതികൾ അതിവേഗം ലഭിക്കുന്നതിനുമായി "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് പുറപ്പെടുവിച്ചു ചുവടെ |

| | | | |
|---|---|---|---|
| | | | ചേർത്തിരിക്കുന്ന വിവിധ വകുപ്പുകളിലെ നിയമങ്ങൾ ഭേദഗതി വരുത്തിയിട്ടുണ്ട്.<br>• കേരള പഞ്ചായത്ത് രാജ് ആക്ട് 1994<br>• കേരള മുനിസിപ്പാലിറ്റി ആക്ട് 1994<br>• കേരള ലിഫ്റ്റ് ആൻഡ് എസ്കലേറ്റേഴ്സ് ആക്ട് 2013<br>• കേരള ഗ്രൗണ്ട് വാട്ടർ ആക്ട് 2002<br>• കേരള ഹെഡ്ലോഡ് വർക്കേഴ്സ് ആക്ട് 1978<br>• കേരള ഷോപ്സ് ആൻഡ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960<br>• കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 1999. |
| (സി) | വ്യവസായ യൂണിറ്റ്, റിസർച്ച് ആന്റ് ഡെവലപ്മെന്റ് സ്ഥാപനങ്ങൾ എന്നിവ യ്ക്കിടയിലെ ബന്ധം സുദൃഢമാക്കുന്നതിനും വ്യാവസായിക മേഖലയെ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം ഉറപ്പു വരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ തരത്തിൽ സാങ്കേതിക വിദ്യയും മറ്റും പ്രദാനം ചെയ്യുന്നതിന് കലാലയങ്ങളെയും ഗവേഷണസ്ഥാപനങ്ങളെയും സജ്ജമാക്കുന്നതിനായി 'ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ്' പദ്ധതി സർക്കാർ പരിഗണനയിലാണ്. |
| (ഡി) | വ്യവസായ സംരംഭകർക്ക് ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാ വ്യവസായകേന്ദ്രങ്ങളും താലൂക്ക് വ്യവസായ കേന്ദ്രങ്ങളും 'കെ സ്വാൻ' വഴി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ? | (ഡി) | എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നേരിട്ട് 'കെ സ്വാൻ' വഴി ബന്ധിപ്പിച്ചിട്ടുണ്ട്. റവന്യൂ ടവർ / മിനി സിവിൽ സ്റ്റേഷൻ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം വരുന്ന താലൂക്ക് വ്യവസായ ഓഫീസുകളിലും ബന്ധപ്പെട്ട ഏജൻസികൾ വഴി 'കെ സ്വാൻ' കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ